# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4206 — 25/06/2014 – ൽ മറുപടിക്ക്

## ഇ.എസ്.ഐ ഫാർമസി വിഭാഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>,, അൻവർ സാദത്ത്<br>,, വർക്കല കഹാർ<br>,, വി.ഡി. സതീശൻ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്ത് ഇ.എസ്.ഐ ഫാർമസി വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) ഇല്ല. |
| ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത വിഭാഗം നടത്തിവരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) & സി) ചോദ്യം ഉദിക്കുന്നില്ല. |
| സി) ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സമഗ്രമായ പരിഷ്കരണത്തിന് രൂപം നൽകിയിട്ടുണ്ടോ;വിശദമാക്കുമോ; | |
| ഡി) ഇ.എസ്.ഐ ആശുപത്രികളുടെ ശാക്തീകരണത്തിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും പരിഷ്കാരങ്ങളും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) ഇ.എസ്ഐ. ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വച്ചുകൊണ്ടാണ് എല്ലാ ആശുപത്രികളിലും ആശുപത്രി വികസന സമിതികൾ രൂപീകരിച്ചിട്ടുള്ളത്. ഓരോ ആശുപത്രിയിലും ആവശ്യമായ ഏകദേശം എല്ലാ സൗകര്യങ്ങളും ആശുപത്രി വികസന സമിതികൾ വഴിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്. ഓരോ ഇ.എസ്.ഐ ആശുപത്രിക്കും കീഴിലുള്ള ഫീഡിംഗ് ഡിസ്പെൻസറികളിലും ആവശ്യമായ കാര്യങ്ങൾ അതത് ആശുപത്രികളിലെ ആശുപത്രി വികസന സമിതികൾ വഴി നടപ്പാക്കുന്നുണ്ട്. |

സൗകര്യങ്ങൾ കുറവുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കായി ആവശ്യമായ സൗകര്യമുള്ള കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുന്നുണ്ട്. സ്വന്തമായിസ്ഥലമുള്ള സ്ഥാപനങ്ങൾക്കായി ആധുനിക സൗകര്യങ്ങളോട്കൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നുണ്ട്. ചില സ്ഥാപനങ്ങൾക്കായുള്ള കെട്ടിടങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. നൂറുദിന പരിപാടിയുടെ ഭാഗമായി പത്തോളം ഇ.എസ്.ഐ സ്ഥാപനങ്ങൾ നവീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ